# വി വി എം ജി എച്ച് എസ്സ് എസ്സ്
# വയലാ

9447806961

G mail:ghsvayala@gmail.com




# ലിപി

റവന്യൂ ജില്ല : കൊല്ലം

വിദ്യാഭ്യാസ ജില്ല : പുനലൂർ

വിദ്യാഭ്യാസ ഉപജില്ല : അഞ്ചൽ

# ആമുഖം

പ്രിയരെ......,

സുവർണ ജൂബിലി നിറവിൽ അറിവിന്റെ അക്ഷരഖനിയായ അക്ഷരമുത്തശ്ശി, ഡോ. വയലാ വാസുദേവൻ പിള്ള മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ. വയലാ എന്ന പ്രദേശത്തിന്റെ ശ്വാസനിശ്വാസങ്ങൾ ഉൾക്കൊള്ളുന്ന,ഇട്ടിവ ഗ്രാമപഞ്ചയത്തിലെ ഏക സർക്കാർ വിദ്യാലയം.അൻപതാണ്ട് തികയുന്ന ഈ പ്രൗഢ വേളയിൽ ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ സ്നേഹോപഹാര സമർപ്പണം '**ലിപി**'.ഈ വിദ്യാലയത്തിലെ ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികളുടെ സാഹിത്യ സൃഷ്ടികൾ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള ഡിജിറ്റൽ മാഗസിനാണ് '**ലിപി**'. ഡിജിറ്റൽ വിപ്ലവത്തിന്റെ ഈ കാലത്തിൽ സർഗാത്മകതയുടെ വസന്തം '**ലിപി**'യിലൂടെ പൂത്തുലയട്ടെ.....

സ്നേഹപൂർവ്വം

വയലാ
14.02.2024

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
ഡി.വി.വി.എം.ജി.എച്ച്.എസ്.എസ്
വയലാ

# എഡിറ്റോറിയൽ ബോർഡ്



ചീഫ് എഡിറ്റർ : സിന്ദു ആർ ആർ

സ്റ്റാഫ്എഡിറ്റേഴ്സ് : അരുൺ എം

:ആര്യ എസ് (കൈറ്റ് മാസ്റ്റേഴ്സ്)

സ്റ്റുഡൻ്റ് എഡിറ്റർ : അഭിരാം ,ശ്രീനന്ദ , ഇനേഷ്,ഫെബിൻ,അൻഷിത

സബ് എഡിറ്റേഴ്സ് : വിഷ്ണ ,അനാമിക

കവർ ഡിസൈനിങ്ങ് : റിഫ,അഭിനന്ദ്,ഐശ്വര്യ

# ഉള്ളടക്കം

നഷ്ടപ്പെട്ട നിധി........................................................ 05

കദനവീഥികളിലൂടെ........................ 07

രാത്രിയുടെ ഭംഗി ............................................... 09

ഭൂമിയുടെ കരച്ചിൽ................................................ 11

മനുഷ്യജീവിതം........................................................ 12

മേഘക്കീറുകൾ.......................................................... 15

സൗഹൃദം.............................................................. 16

കഥ

# നഷ്ടപ്പെട്ട നിധി



അങ്കിത എസ് നായർ 8 B

പണ്ട് ഒരു രാജാവുണ്ടായിരുന്നു. ആ രാജാവിന്റെ കൈയ്യിൽ ഒരു വലിയ നിധി ഉണ്ടായിരുന്നു. രാജാവിന് പൂന്തോട്ടം വളരെയധികം ഇഷ്ടമായിരുന്നു. അദ്ദേഹം എല്ലാ ദിവസവും പൂന്തോട്ടത്തിൽ നടക്കുമായിരുന്നു. രാജാവിന് മരങ്ങളും ചെടികളും വളരെയധികം ഇഷ്ടമായിരുന്നു.അദ്ദേഹം കുട്ടികൾക്ക് വിത്തുകൾ വിതരണം ചെയ്തു. എന്നിട്ട് രാജാവ് പൂന്തോട്ടത്തിൽ നടക്കാൻ പോയി. അവിടെ വെച്ച് അദ്ദേഹം ഒരു ഭിക്ഷക്കാരനെ കണ്ടു. അയാളെ കണ്ട് പാവം തോന്നിയ രാജാവ് അദ്ദേഹത്തെ കൊട്ടാരത്തിൽ കൂട്ടിക്കൊണ്ട് പോയി.രാജാവ് അദ്ദേഹത്തിന് നല്ല ഭക്ഷണവും,വസ്ത്രവും നൽകി. കൊട്ടാരത്തിലെ സുഖസമൃദ്ധിയിഭിക്ഷക്കാരൻ മതിമറന്നു.രാജാവും ഭിക്ഷക്കാരനും തമ്മിലുള്ള സൗഹൃദസംഭാഷണത്തിൽ തന്റെ വലിയ രഹസ്യം ആണ് രാജാവ് ഭിക്ഷക്കാരനോട് വെളിപ്പെടുത്തിയത്. തക്കം

പാർത്തിരുന്ന ഭിക്ഷക്കാരൻ രാത്രി
എല്ലാവരും ഉറങ്ങുന്ന സമയത്ത്
നിധികുംഭവുമായി സ്ഥലം വിട്ടു.
നേരം പുലർന്നപ്പോൾ രാജാവ്
പലയിടത്തും ഭിക്ഷക്കാരനെ
അന്വേഷിച്ചു എങ്ങും കണ്ടെത്താനായില്ല.ഒടുവിൽ
രാജാവിന് മനസിലായി തന്റെ നിധികുംഭവുമായിടാണ്
ഭിക്ഷക്കാരൻ സ്ഥലം വിട്ടതെന്ന്
ഗുണപാഠം:
അമിതമായി ആരെയും വിശ്വസിക്കരുത്

കവിത



തീർത്ഥ എസ് നായർ 8 C

# കദനവീഥികളിലൂടെ

കിളികളല്ലോ നാം....
ഇണക്കുരുവികളല്ലോ
നമുക്കിന്നാശ്രയിക്കാനാരുണ്ട് ?
നഭസ്സിൽ പൂക്കാനൊരുങ്ങിയോരി
നിശാഗന്ധിക്കിന്നാശ്രയിക്കാനാരുണ്ട്?
കദനവീഥിയിൽ നോവുന്ന നെഞ്ചുമായി
അവൾ  കാത്തിരിക്കുന്നതാർക്കുവേണ്ടി?
ധരണി തൻ പോൻതുവൽ ഘടിപ്പിച്ചിതാ
മാനുഷർ പോകുന്നി പാതയിലൂടെ...!
നോവിന്റെ ജപമാല
കൈയ്യിലേന്തിക്കൊണ്ടിതാ
പക്ഷിമൃഗാദികൾ ഓടിമറയുന്നി
പാതയിലൂടെ...!
ആശ്രയം നൽകിയോരി അംബ തൻ
വാക്കുകൾ വെടിഞ്ഞിതാ
അവൾക്കാശ്രയം നൽകാതെ

പോകുന്നവർ....!

എന്തിനു വേണ്ടി....
കുഞ്ഞു പൈതലിനു മാതൃത്വം
നഷ്ടപ്പെടുത്തി നിങ്ങൾ....
എന്തിനു വേണ്ടി...
മഞ്ഞു മാസത്തിൻ രാവു
പകുത്തെറിഞ്ഞു നിങ്ങൾ...
ധരിത്രി തൻ  പൊൻ പ്രഭയായി
ഉദിച്ചൊരി മാലാഖ
തൻ ചിറകിലേറാം നമുക്ക് ;
പാറി പറക്കാം..
കിഴക്കൻ ചക്രവാളത്തിൽ നിന്നു
കിളിനാദങ്ങൾ ശ്രവിച്ചിടും
കാലത്തിനിന്നു മാറ്റമായോ....?
എൻ മധുര സ്വപ്നങ്ങൾക്കിന്നു
ശമനമായോ...?
കനൽ വേയിലിന്റെ താപമേറ്റ
വാടിക്കരിയരുതേ  നീ....
ആശ്രയമറ്റവരേ വരു
നമുക്ക് പാറിപറക്കാം
സുവർണ്ണ തേരിൽ

കഥ

# രാത്രിയുടെ ഭംഗി



സേതുലക്ഷ്മി 8 B



നിലാവിൽ കുളിച്ച നിൽക്കുന്ന രാത്രി....!
അങ്ങ് ദൂരെയുള്ള മാമരങ്ങൾ വളരെ
വ്യക്തമായി കാണാം.തെളിഞ്ഞ രാത്രി...!
ചന്ദ്രൻ ആകാശത്ത് വെള്ളത്തളിക പോലെ
തിളങ്ങുന്നു.
കണ്ണു മിഴിച്ച നോക്കുന്ന വെള്ളപ്പൂക്കളുടെ
ഭംഗിയും മണവും ഒന്നു വേറെ തന്നെ .
അത് അങ്ങ് ദൂരെ ഉയർന്നു നിൽക്കുന്നു.
മലമടക്കുകളുടെ ഭംഗി
നിലാവെളിച്ചത്തിൽ
കാണേണ്ടതു തന്നെ.
നിലാവിൽ ഒരുവെള്ളിയരഞ്ഞാണം
പോലെ പുഴ.
നക്ഷത്രങ്ങൾ മുല്ലപ്പൂവാരിയെറിഞ്ഞിട്ടന്നപോലെ...
കണ്ണെടുക്കാതെ നോക്കി നിന്നേപ്പോൾ മിന്നുന്ന

ആ നക്ഷത്രങ്ങൾ

ഏന്തോ പറയുന്ന പോലെ....

ചെഫുകാറ്റിൽ ആലോലമാടുന്ന ഇലകൾ രാത്രിയുടെ ഭംഗി കൂട്ടുന്നു.

സന്ധ്യ ആയാൽ എനിക്ക് പുറത്തുറങ്ങാൻ പേടിയായിരുന്നു.

ഇന്ന് രാത്രി അച്ഛന്റെ കൂടെ ഞാൻ പുറത്തുത്തിറങ്ങി.

രാത്രിയുടെ ഭംഗി പറഞ്ഞാലും തീരില്ല...!

നിങ്ങൾക്ക് രാത്രിയെ പേടിയുണ്ടോ?

നിങ്ങളുടെ പേടിക്കുള്ള കാരണമെന്ത്?

കവിത



അനാമിക 9 C

# ഭൂമിയുടെ കരച്ചിൽ



തേങ്ങുന്നു ഞാനിപ്പോൾ
എന്നുടെ വിധിയാലെ,എന്തിനീ
ദ്യൂർവിധി നീ എന്നിൽ
ചുമത്തുന്നു ,നിർത്തൂ മനുഷ്യ നിൻ
അട്ടഹാസം ,എന്നിലെ രോദനം പുറം-
തള്ളുന്നു,നീയായിത്തീരുന്നു നിനക്കു
വിന,
എന്നിലേൽപ്പിച്ച പ്രഹരതീവ്രത
സഹിച്ചുഞാൻ,ഓരോ നാളിലും.
“ലോകമേ നിന്നുടേ കാൽക്കാണെന്നു
നീ വിശ്വാസിക്കുന്നതേ'തെറ്റ്
നിന്നുടെ കരങ്ങളാൽ
മനൺമറഞ്ഞുപോം
ജീവജാല ശിംഘലപോൽ
നിർത്തൂ നിൻ  അപരാത പവൃർത്തി
നീ നിർത്തൂ സ്വയം ,നാശം ഭവിക്കുമീ
ഭൂമിയിൽ

കഥ

# മനുഷ്യജീവിതം



അനന്യ ബിനുകുമാർ 8 B

മിഥിലപുരി എന്ന ഗ്രാമം. നഗരജീവിതത്തിന്റെ കപടങ്ങൾ അറിയാത്ത സ്വർഗസുന്ദരമായ പച്ചപരവതാനി വിരിച്ച ഗ്രാമംപാടങ്ങളിൽ ജോലിചെയ്യുന്നവരും ചെറിയ,ചെറിയ തോടുകളും അതിൽ ചൂണ്ടയിടുന്ന കുട്ടികളും. അക്കൂട്ടത്തിൽ ഒരു വിക്രിതിയായ പയ്യൻ അവനാണ് അപ്പുക്കുട്ടൻ. അപ്പുക്കുട്ടന്റെ വീട്ടിൽ അച്ഛനും,അമ്മയും ഒരു ചേട്ടനുണ്ട്.

പഴയ ഒരു തറവാടാണ് അവന്റെ വീട്. ദാരിദ്ര്യം നിറഞ്ഞ അന്തരീക്ഷം.അച്ഛൻ കിടപ്പുരോഗിയാണ്. അമ്മ പാടത്തു ക്രഷി ചെയ്താണ് മക്കളെ അവർ വളർത്തിയിരുന്നത്. അപ്പുക്കുട്ടനും ചേട്ടനും സ്കൂളിൽ പഠിക്കാൻപോയി. പൊട്ടിയസ്ലേറ്റും പഴയ സഞ്ചിയും,പഴയ ഷർട്ടും നിക്കറുമാണ് അവന്റെ വേഷം. സഹപാഠികൾ എന്നും കളിയാക്കും കീറിയ സഞ്ചിയുമുള്ള അപ്പുവിനെ. അവന് അതിൽ നല്ല വിഷമം ഉണ്ടായിരുന്നു.

അവൻ അമ്മയോട് ചോദിച്ചു " അമ്മേ എനിക്ക് പുതിയ സ്ലേറ്റും ,ബാഗും വേണം " അപ്പോൾ അമ്മ പറഞ്ഞു അപ്പു അന്നന്നുള്ള ആഹാരം ഉണ്ടാക്കാൻ അമ്മ പാടുപെടുന്നത് കാണുന്നതല്ലേ.

അമ്മ മകന് പുതിയ സ്ലേറ്റും ബാഗുമൊക്കെ വാങ്ങിത്തരാം

മോൻ വിഷമിക്കാതെ. അപ്പു പിറ്റേന്ന് സ്കൂളിൽ പോയി തന്റെ സങ്കടം കൂട്ടുകാരനോട് പറഞ്ഞു. കൂട്ടുകാരൻ പറഞ്ഞു, "അടുത്തുള്ള കാട്ടിൽ ഒരു മരമുണ്ട്, അതിൽ ദൈവം ഉണ്ട് " പ്രാർത്ഥിച്ചാൽ നിനക്ക് ദൈവം തരും എന്ന് കേൾക്കേണ്ട താമസം അപ്പു സ്കൂളിൽ നിന്നും ചേട്ടനോട് പറയാതെ അടുത്തുള്ള കാട്ടിലേക്ക് ഓടി. സത്യവും ,കള്ളവും തിരിച്ചറിയാത്ത കുട്ടി കാട്ടിൽ അകപ്പെട്ടു മഴയും കാറ്റും പേമാരിയും അവൻ പേടിച്ച് ഒരു മരപ്പൊത്തിൽ കയറിയിരുന്നു. അവന്റെ അമ്മ സ്കൂളിൽ നിന്നും വരുന്ന മകനെ കാത്ത്നിന്നു. അവനെ കാണാഞ്ഞ് എല്ലാവരോടും അന്വേഷിച്ചു.
അവൻ എവിടെ പോയി എന്ന് ആർക്കും അറിയില്ല. കരഞ്ഞുതളർന്ന് അവർ അവശയായി കിടന്നു. കാട്ടിലൂടെ യാത്റ ചെയ്ത ഒരു കൂട്ടം സഞ്ചാരികൾ അവന്റെ കരച്ചിൽ കേട്ട ഭാഗത്തേക്ക് അവർ നടന്നു.
അതാ അപ്പു ! സഞ്ചാരികൾ അവന്റെ അടുത്ത് ചെന്നു. അവരെ കണ്ടപ്പോൾ അവന് അശ്വാസമായി. അവൻ എങ്ങനെ വന്നു എന്ന് അന്വേഷിച്ച വിവരങ്ങൾ എല്ലാം അപ്പു അവരോട് പറഞ്ഞു. കാര്യങ്ങൾ കേട്ട അവർ അവനെ അശ്വസിപ്പിച്ച് അവന്റെ വീട്ടിൽ എത്തിച്ചു. അവനെ കണ്ട അമ്മ അവനെ വാരിയെടുത്തു ഉമ്മ കൊടുത്തു. അവരുടെ സാഹചര്യങ്ങളും വിഷമങ്ങളും മനസ്സിലാക്കിയ സഞ്ചാരികൾ അവർക്ക് വേണ്ട പണവും ധാന്യങ്ങളും നൽകി.

കൂടാതെ അപ്പുവിനെ വിളിച്ച് അവർ പറഞ്ഞു. എത്റനല്ല

കൂട്ടുകാരൻ ആയാലും എന്ത് പറഞ്ഞാലും അത് ശരിയാണോ എന്ന് നോക്കണം. അതുപോലെ ഏതു കാര്യവും അമ്മയോട് പറയണം . അപ്പുവും അമ്മയും ആ സഞ്ചാരികളോട് നന്ദി പറഞ്ഞു. മോനെ ഇതാണ് ദൈവം , മനുഷ്യദൈവം. അപ്പു അമ്മയെ കെട്ടി പിടിച്ചു.

കവിത

## മേഘക്കീറുകൾ



റിഫ നൗറിൻ 9 B

മഴയുടെ അടയാളമായി
നീ മാനം കീറിമുറിച്ച് ഏഴ്വർണ്ണങ്ങളായി
തെളിയും....
നിൻ ഏഴഴക് എൻ ആത്മാവിൽ
ആനന്തമുണർത്തും
നിന്റെ തലോടലിൽ ഞാൻ ലയിക്കുമ്പോൾ
നീ മായുന്നു.....
എൻ ചിത്തമാകയെും സങ്കടമേകുന്ന
മേഘം നിൻ വർണ്ണങ്ങൾക്ക് കാവൽ
നിൻ വർണ്ണങ്ങൾ എൻ മനസ്സിൽ
ഒഴുകി നടക്കുന്നു.
എൻ മനസ്സിലെ വാടിക്കരിഞ്ഞ
പൂക്കൾ നീ നിറവേകുന്നു....

കഥ

# സൗഹൃദം



ശ്രീലക്ഷ്മി 8 B

ഒരു സുന്ദരമായ ഗ്രാമം പച്ചപ്പനിറഞ്ഞ വയലുകളും കുഞ്ഞുകുഞ്ഞു വീടുകളും ഉള്ള ഒരു പഴയകാല ജീവിതം നയിക്കുന്ന ഒരു തരത്തിലുള്ളർ ആളുകളായിരുന്നു അവിടെ. അവിടെ രണ്ടുകുടുമ്പങ്ങൾ ഉണ്ട്.



അവർ തമ്മിൽ നല്ല സുഹൃത്ത് ബന്ധമാണ്. അവർ ബദാം നഗരത്തിൽ നിന്നാണ് വന്നത്. അവർ കുട്ടകച്ചവടക്കാരാണ്.അതുപോലെ അയൽ വാസികളും ആണ്.ഒരു പുലർച്ചെ രണ്ടു വീടുകളിൽ നിന്നും അങ്ങോട്ടും ഇങ്ങോട്ടും വിളിച്ചു പറഞ്ഞു.ഇവിടെ ഒരു കുഞ്ഞുപിറന്നു എന്ന്. ഈ വാർത്ത അറിഞ്ഞ നാട്ടുകാർ ഇരു വീടുകളിലേക്കും പോയി കുഞ്ഞുങ്ങളെ കണ്ടു.പിന്നെ അവർ പറഞ്ഞു ഈ കുഞ്ഞുങ്ങൾമാലാഖയാണല്ലോ .ഈ വാർത്ത നാട്ടിൽ ചർച്ചയായി അങ്ങനെ ആ കുഞ്ഞുങ്ങൾ വളർന്നു

അവർ നല്ല സുഹൃത്തുക്കളായി മാറിയിരുന്നു.
അവരിൽ ഒരാളുടെ പേര് സെയിറ എന്നും,മറ്റേ
കുട്ടിയുടെ പേര് സാറ എന്നുമാണ്. ആ
പെൺകുഞ്ഞുങ്ങൾ
അതിമനോഹരികളായിരുന്നു. അവരുടെ കണ്ണുകൾ
സൂര്യനെപോലെ വെട്ടി തിളങ്ങി നിൽക്കുന്നതാണ്.
അവരുടെ ചിരി മൃദുലവും മനോഹരവും ആയിരുന്നു.
അവർ തനിക്കുള്ളതെല്ലാം പങ്കിട്ടും സ്നേഹിച്ചും
ജീവിക്കുകയായിരുന്നു.
അങ്ങനെ ഒരു ദിവസം സാറായുടെയും
സെയിറയുടെയും കുടുംബം കൂട്ടുകച്ചവടത്തിന്റെ
ആവശ്യത്തിനായി പട്ടണത്തിലേക്ക് പോകാൻ
തീരുമാനിച്ചു.കുറച്ചു ദിവസം കഴിഞ്ഞ് തിരിച്ചു
വരുകയും ചെയ്യും.അവർ അങ്ങനെ അത്
കുട്ടികളോട് പറഞ്ഞു.പക്ഷേ തിരിച്ചു
പട്ടണത്തിലേയ്ക്ക് പോകാൻ കുട്ടികൾ
തയ്യാറല്ലായിരുന്നു.അവർ
അത് വീട്ടുകാരോടും പറഞ്ഞു.വീട്ടുകാർ
സമ്മതിച്ചില്ല.
പക്ഷെ കുട്ടികളുടെ വാശി കണ്ട് വീട്ടുകാർ ഒരു
ബന്ധു വീട്ടിൽ നിർത്താൻ തീരുമാനിച്ചു.അങ്ങനെ

അവർ പട്ടണത്തിലേയ്ക്ക് പോയി.കുട്ടികൾ ബന്ധു വീട്ടിൽ നിന്ന് കളിച്ചുകൊണ്ടിരുക്കുമ്പോൾ ഒരു കാട്ടിലേക്ക് ഓടി കയറി.പക്ഷേ അതൊരു നിഗൂഢതകൾ നിറഞ്ഞ ഒരു കാടായിരുന്നു. അതുകൊണ്ട് തന്നെ ആ നാട്ടിലുള്ളവർ അങ്ങോട്ടു പോകുകയില്ല. ആ കാട്ടിൽ ഉള്ള മനുഷ്യർ മനുഷ്യനെ കൊന്നുതിന്നുന്നവരാണ്. ആ കുട്ടികൾ ഇതൊന്നും അറിയാതെ  ആ കാട്ടിൽ ചെന്ന്പെട്ടു.അവർ രക്ഷപ്പെടാനുള്ള വഴി നോക്കുന്നതിന്റെ ഇടയിൽ ആ ഭീകര മനുഷ്യരുടെ കൈയിൽ ചെന്നുപെട്ടു. ആ  ഭീകരന്മാർ സെയിറയെ പിടിച്ചു കൊണ്ടുപോകുന്നതിൻറെ ഇടയിൽ കയറി സാറ അവളെ വിടാൻ പറഞ്ഞു.പക്ഷേ അവർ വിട്ടില്ല.അപ്പോൾ സെയിറ പറഞ്ഞു നീ പൊയ്ക്കോ നിന്റെ ജീവൻ രക്ഷിക്കു എന്ന്.പക്ഷേ സാറായ്ക്ക് സെയിറയെ വിട്ടു കൊടുക്കാൻ മനസ്സില്ലായിരുന്നു.അങ്ങനെ അവൾ അവരുടെ കൈയ്യിൽ നിന്ന് സെയിറയെ രക്ഷിച്ചു കൊണ്ട് ഒരു പുഴകരയിലേയ്ക്ക്  ഓടി അങ്ങനെ ഒരു വള്ളത്തിനെ കണ്ടു.അങ്ങനെ അതിലേയ്ക്ക് കയറി.അവൾ കാര്യം പറഞ്ഞു.അപ്പോൾ വള്ളക്കാരൻ പറഞ്ഞു,നിങ്ങളെ പോലെ

സുഹൃത്തുക്കൾ ഉണ്ടെങ്കിൽ നമ്മൾ ഇപ്പോഴും സന്തോഷമായിരിക്കും.

അപ്പോ സെയിറയും സാറയും കൈയ്യികൾ കൂട്ടി പിടിച്ച് ഉറക്കെ വിളിച്ചു പറഞ്ഞു,ഞങ്ങളുടെ സുഹൃത്ത് ബന്ധം ആരുവന്നാല്ലും തകർക്കാൻ കഴിയില്ല എന്ന് അങ്ങനെ അവർ ഇറങ്ങി നടന്നു മാഞ്ഞു മറഞ്ഞു .......

നന്ദി...